പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 780 04/03/2020 ൽ മറുപടിക്ക്

## ആട് വളർത്തൽ പ്രോത്സാഹന പദ്ധതി

ചോദ്യം | മറുപടി

**ശ്രീ.എം. സ്വരാജ്**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആട് വളർത്തൽ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, 2018-19 ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000/-രൂപ വീതം കർഷകന് ധനസഹായം നൽകുന്നു.<br>കെ.എൽ.ഡി.ബി.യുടെ പദ്ധതികൾ<br>1. മെച്ചപ്പെട്ട മുട്ടനാടുകളെ തെരഞ്ഞെടുത്ത് അവയുടെ ബീജം ഗാഢ ശിതീകരിച്ച് സംസ്ഥാനത്തിനകത്തെ 689 കൃത്രിമ ബീജ ധാന കേന്ദ്രങ്ങൾ വഴി വിതരണം നടത്തി വരുന്നു.<br>2. കർഷകർക്ക് മെച്ചപ്പെട്ട ഇനത്തിലുള്ള ആട്ടിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ തക്ക രീതിയിൽ ബോർഡിന്റെ ധോണി, പുത്തൂർ ഫാമുകൾ ശക്തിപ്പെടുത്തി. 2016-17 മുതൽ 2018-19 വർഷം വരെ 825 ആട്ടിൻ കുട്ടികളെ ഉൽപ്പാദിപ്പിക്കുകയും 336 ആട്ടിൻ കുട്ടികളെ വിതരണം ചെയ്യുകയും ചെയ്തു. 2019-20 ൽ 2019 ഡിസംബർ വരെ 312 ആട്ടിൻ കുട്ടികളെ ഉൽപ്പാദിപ്പിക്കുകയും 159 എണ്ണം വിതരണം ചെയ്യുകയും ചെയ്തു. |
| (ബി) | ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി എന്തെല്ലാം പദ്ധതികൾ നിലവിൽ നടത്തിവരുന്നു എന്ന് വിശദാംശം സഹിതം അറിയിക്കുമോ? | (ബി) | മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ<br>1. ഗോട്ട് സാറ്റലൈറ്റ് പദ്ധതിയിലൂടെ തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19 ൽ സ്ഥാപിച്ചു. ഒരു യൂണിറ്റിന് 25000/- രൂപയാണ് ധനസഹായം. 2019-20 ലും പദ്ധതി തുടർന്നു വരുന്നു. 2019-20 ൽ 1298 യൂണിറ്റുകൾ സ്ഥാപിക്കും. |

2. 2018-19 ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000/-രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 140 യൂണിറ്റുകൾ 2018-19 ൽ സ്ഥാപിച്ചു. 2019-20 ലും പദ്ധതി തുടർന്നു വരുന്നു. 2019-20 ൽ 191 യൂണിറ്റുകൾ സ്ഥാപിക്കും.

3. കേന്ദ്രാവിഷ്കൃതപദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിൽ 10 പെണ്ണാടും ഒരു ആണാടും അടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ കർഷകന് 59,400 രൂപ വീതം ധനസഹായം നൽകുന്നു. 387 യൂണിറ്റുകൾ 2018-19 ൽ സ്ഥാപിച്ചു. 2019-20 ലും പദ്ധതി തുടർന്നു വരുന്നു. 2019-20 ൽ 353 യൂണിറ്റുകൾ സ്ഥാപിക്കും.

4. മൃഗസംരക്ഷണ വകുപ്പിന്റെ പാറശാലയിലുള്ള ആട് വളർത്തൽ ഫാം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതിക്കായി നാഷണൽ ലൈവ്സ്റ്റോക്ക്മിഷനു കീഴിൽ 320 ലക്ഷം രൂപ 2019-20 ൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 192 ലക്ഷം രൂപ കേന്ദ്രവിഹിതവും 128 ലക്ഷം രൂപ സംസ്ഥാനവിഹിതവും ആണ്. പദ്ധതി പൂർത്തിയാകുന്നതോടെ പ്രതിവർഷം 1800 ആട്ടിൻകുട്ടികളെ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു.

<u>കെ.എൽ.ഡി.ബി. നടപ്പാക്കുന്ന പദ്ധതികൾ</u>

5. കൃത്രിമ ബീജധാന സൗകര്യങ്ങൾ 500 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിൽ കൂടി ഒരുക്കുന്നതിനുള്ള പദ്ധതി നിലവിൽ നടത്തി വരുന്നു. ഇതിന്റെ ആദ്യ പടിയായി മൃഗസംരക്ഷണ വകുപ്പിലെ 500 എ.ഐ. ടെക്നീഷ്യൻ മാരുടെ പരിശീലനം ബോർഡ് നടത്തിക്കഴിഞ്ഞു. ഈ കേന്ദ്രങ്ങളിലേക്ക് വേണ്ട പ്രത്യേക ഉപകരണങ്ങൾ 2020 മാർച്ച് 14-ാം തീയതി മുതൽ വിതരണം ചെയ്ത് തുടങ്ങുന്നതാണ്.

6. വംശനാശ ഭീഷണി നേരിടുന്ന അട്ടപ്പാടി കരിയാടുകളെ സംരക്ഷിക്കുവാനും അവയുടെ കുട്ടികളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനുമുള്ള പദ്ധതിയും ബോർഡ് നടപ്പിലാക്കി വരുന്നു. 150 ആടുകളെ സംരക്ഷിക്കുകയും ആവശ്യമുള്ള കർഷകർക്ക് ഇവയുടെ കുട്ടികളെ വിതരണം ചെയ്യുകയും ചെയ്തു.

7. അടുത്ത കാലത്തായി വിവിധ ജനസ്സുകളിൽപ്പെട്ട ആടുകളെ വളർത്തുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. പ്രധാനമായും സിരോഹി,ബീറ്റൽ

| | | | |
|---|---|---|---|
| | | | മുതലായ ഇനങ്ങളാണ് ഇപ്രകാരം വളർത്തപ്പെടുന്നത്. ഈ ഇനം ആടുകളെ പ്രജനനം ചെയ്യുന്നതിലേയ്ക്കായി ഇവയുടെ മുട്ടനാടുകളുടെ ബീജവും ആവശ്യാനുസരണം ബീജധാന കേന്ദ്രങ്ങൾ വഴി വിതരണത്തിന് ബോർഡ് തയ്യാറാക്കിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ